"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തസ്വഭവ - LID&EW - ജീവനക്കാര്യം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി. ഹസ്രമോൾ. എം. യു [PEN No.281283] -ന്റെ PIU RKI -ലെ അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.1368/2024/LSGD തീയതി,തിരുവനന്തപുരം, 27-07-2024

പരാമർശം:-
1. 14.07.2023 തീയതിയിലെ സ.ഉ(സാധാ)നം.1442/2023/തസ്വഭവ നമ്പർ ഉത്തരവ്.
2. ശ്രീമതി ഹസ്രമോൾ. എം. യു -ന്റെ 18.06.2024-ലെ അപേക്ഷ.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.07.2024-ലെ LSGD/PD/12911 /2024-DE A5 നമ്പർ കത്ത്.

ഉത്തരവ്

തൃശ്ശൂർ റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ, പരാമർശം (1) പ്രകാരം സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. ഹസ്രമോൾ. എം. യു -ന്റെ അന്യത്രസേവന കാലാവധി 31.05.2024-ന് അവസാനിച്ചിരുന്നു. തുടർന്ന് 01.06.2024 മുതൽ അന്യത്രസേവനം ദീർഘിപ്പിക്കുന്നതിനായി ടിയാരി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ടായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 26/04/2019 തീയതിയിലെ സ.ഉ. (സാധാ) നമ്പർ: 894/2019/ത.സ്വ.ഭ.വ. പ്രകാരം സ്ഥാപിതമായ RKI-PMU വിന്റെ പ്രവർത്തന കാലാവധി അവസാനിക്കാറായിട്ടുണ്ടെങ്കിലും, അത് ഏറ്റെടുത്ത ചില പദ്ധതികൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. ഈ സാഹചര്യം പരിഗണിച്ച് ശ്രീമതി. ഹസ്രമോൾ. എം. യു [PEN No.281283]-ന്റെ PIU RKI LSGD, തൃശ്ശൂർ -ലെ അന്യത്ര സേവന കാലാവധി 01.06.2024 മുതൽ

ഒരു വർഷത്തേക്ക് കൂടി **അല്ലെങ്കിൽ** RKI -യുടെ പ്രവർത്തനാനുമതി അവസാനിക്കുന്നത് വരെ, ഇവയിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ എന്ന വ്യവസ്ഥയോടെ, നിലവിലെ അന്യത്രസേവന വ്യവസ്ഥകൾക്കും കെ.എസ്.ആർ ഭാഗം I ചട്ടം 140 (സി)-യിലെ നിബന്ധനകൾക്കും വിധേയമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഷറഫ് എ
അണ്ടർ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ ,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ് )തൃശ്ശൂർ.
4. ശ്രീമതി ഹസ്നമോൾ. എം. യു, അസി.എക്സി.എഞ്ചിനീയർ(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
5. എക്സിക്യൂട്ടീവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ ,വിവര പൊതുജന സമ്പർക്ക വകുപ്പ്.
7. തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 27-07-2024 14:22:45